ഇ-മെയിൽ- dimskerala@gmail.com/director.ims@kerala.gov.in
വെബ്സൈറ്റ് -www.ims.kerala.gov.in
ഫോൺ നം. 0471-2323960

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ**
**നടപടി ഉത്തരവ് - തിരുവനന്തപുരം -14**

**വിഷയം - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്** - COVID-19 -ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ജീവനക്കാരെ COVID ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നതുമായി ബന്ധപ്പെട്ടത് - സംബന്ധിച്ച്

പരാമർശം - 1. 29.06.2020-ന് തൊഴിൽ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ വച്ച് നടന്ന (പ്രൈവറ്റ് സെക്രട്ടറിയുടെ ചേംബറിൽ) വച്ച് നടന്ന മീറ്റിംഗിലെ തീരുമാനങ്ങൾ.

2. 15.06.2020-ലെ ഡയറക്ടറുടെ ഇതേ നമ്പർ ഉത്തരവ്.

---

**ഉത്തരവ് നമ്പർ ബി4-5618/2020/ഡി.ഐ.എം.എസ് തീയതി: 30.06.2020**

പരാമർശം (1) അനുസരിച്ച് കേരളത്തിലെ Covid പ്രതിരോധ പ്രവർത്തനത്തിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് പങ്കാളിയാകേണ്ടതിന്റെ ഭാഗമായി മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ നെഞ്ചുരോഗാശുപത്രി CFLTC ആയി പ്രവർത്തിച്ചുവരുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ അപര്യാപ്തത കണക്കിലെടുത്ത് തൃശ്ശൂർ ജില്ലയിലെ അനുയോജ്യരായ എല്ലാ ജീവനക്കാരെയും റൊട്ടേഷൻ വ്യവസ്ഥയിൽ പ്രസ്തുത സെന്ററിൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ മുളങ്കുന്നത്തുകാവ് ആശുപത്രി സൂപ്രണ്ട്, ഒളരിക്കര ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട്, CFLTC നോഡൽ ഓഫീസർ, ഒരു ഫിസിഷ്യൻ എന്നിവർ അടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് ഡ്യൂട്ടി പട്ടികയിൽ നിന്നും ഒഴിവാക്കേണ്ടവരുടെ അപേക്ഷകൾ പരിശോധിച്ച് തീർപ്പുകൽപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ തയ്യാറാക്കിയ അന്തിമ ലിസ്റ്റിൽ നിന്ന് പരാമർശം (2) പ്രകാരം നിയമനം നടത്തേണ്ടതാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.പത്മജ.എം
ഡയറക്ടർ ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് (ഇൻ-ചാർജ്ജ്)

സ്വീകർത്താവ്

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, മദ്ധ്യമേഖല, എറണാകുളം.
2. ഫയൽ/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്.

ജി.എസ്/-